10624
24/10/20

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ 2019-ൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി വൈത്തിരി താലൂക്കിൽ കോട്ടപ്പടി വില്ലേജിൽ 7 ഏക്കർ ഭൂമിയിൽ വീടുകൾ പൊതുസ്ഥാപനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനു മുന്നോടിയായി ഭൂമി നിരപ്പാക്കുന്നതിന് ആവശ്യമായ 19,40,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

**സ.ഉ. (സാധാ) നം. 3061/2020/റവ.** തിരുവനന്തപുരം, തീയതി, 12.10.2020.

==========================================

പരാമർശം:- വയനാട്, ജില്ലാകളക്ടറുടെ 23.03.2020-ലെ DCWYD/585/DM4(3) നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ 2019-ൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി ഇതേ താലൂക്കിലെ കോട്ടപ്പടി വില്ലേജിലെ പൂത്തക്കൊല്ലി ബ്ലോക്ക് 28 റീ സർവ്വെ 505/173-ൽപ്പെട്ട 7 ഏക്കർ ഭൂമി മാതൃഭൂമി ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്പോൺസർഷിപ്പോട്ടു കൂടി ജില്ലാകളക്ടറുടെ പേരിലേയ്ക്ക് ആധാരം ചെയ്ത് കൈമാറിയിട്ടുള്ളതാണെന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നുമുള്ള സ്പോൺസർഷിപ്പോടു കൂടി 57 വീടുകളാണ് മേൽപ്പറഞ്ഞ ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും കൂടാതെ പൊതുസ്ഥാപനങ്ങളായ ഹെൽത്ത്സെന്റർ, അംഗൻവാടി, റോഡ് എന്നിവ ശ്രീ. എളമരം കരീം എം.പി.യുടെ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും മേൽപ്പറഞ്ഞ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് ഭൂമി അടിയന്തിരമായി നിരപ്പാക്കേണ്ടതിനാൽ 19,40,000/- രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുണ്ടെന്നും മേൽപ്പറഞ്ഞ ഭൂമി നിരപ്പാക്കുന്നതിനായി 19,40,000/- രൂപ അനുവദിച്ച് നൽകണമെന്ന് പരാമർശ കത്ത് പ്രകാരം വയനാട് ജില്ലാകളക്ടർ ആവശ്യപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ 2019-ൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി ഇതേ താലൂക്കിലെ കോട്ടപ്പടി വില്ലേജിലെ പൂത്തക്കൊല്ലി ബ്ലോക്ക് 28 റീ സർവ്വെ 505/173-ൽപ്പെട്ട 7 ഏക്കർ ഭൂമിയിൽ 57 വീടുകൾ നിർമ്മിക്കുന്നതിനും കൂടാതെ പൊതുസ്ഥാപനങ്ങളായ ഹെൽത്ത്സെന്റർ, അംഗൻവാടി, റോഡ് എന്നിവ നിർമ്മിക്കുന്നതിനും ഭൂമി നിരപ്പാക്കുന്നതിനും ആവശ്യമായ 19,40,000/- (പത്തൊൻപതു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 19,40,000/- (പത്തൊൻപതു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ. ഷീലാറാണി,
സ്പെഷ്യൽ സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol. K.N

സെക്ഷൻ ഓഫീസർ.